"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വനിത ശിശു വികസന വകുപ്പ് - ചൈൽഡ് ഹെല്പ് ലൈൻ സർവീസസ് പദ്ധതിക്കായി 2023-24 സാമ്പത്തിക വർഷത്തേക്കുള്ള അവസാന ഗഡുവായി കേന്ദ്ര സർക്കാരിൽ നിന്നും ലഭിച്ച 2,51,62,998/- രൂപ നടപ്പു സാമ്പത്തിക വർഷത്തെ 2235-02-102-15 (P) ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുകയിൽ നിന്നും പിൻവലിച്ച് SNA അക്കൗണ്ടിൽ നിക്ഷേപിക്കുന്നതിനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വനിത ശിശു വികസന (സി) വകുപ്പ്**

സ.ഉ.(സാധാ) നം.143/2024/WCDD തീയതി,തിരുവനന്തപുരം, 11-04-2024

---

പരാമർശം:-

1. GO(Rt) no.3469/2023/Fin ഉത്തരവ്, തീയതി 06/05/2023
2. സ.ഉ(സാധാ) നം. 403/2023/WCDD, തീയതി 01/07/2023
3. സ.ഉ(സാധാ) നം. 427/2023/WCDD, തീയതി 15/07/2023
4. സ.ഉ(സാധാ) നം. 559/2023/WCDD, തീയതി 07/10/2023
5. കേന്ദ്ര വനിത ശിശു വികസന മന്ത്രാലയത്തിന്റെ 13/03/2024-ലെ CW-II-22/08/2023-CW-II(e-108570) (1) , CW-II-22/08/2023-CW-II(e-108570) (2) കത്തുകൾ
6. വനിത ശിശു വികസന ഡയറക്ടറുടെ 25/03/2024-ാം തീയതിയിലെ DWCD/1740/2023-ICPS 10 നമ്പർ കത്ത്

**ഉത്തരവ്**

മിഷൻ വാത്സല്യയുടെ ഭാഗമായി ചൈൽഡ് ഹെൽപ്പ് ലൈൻ നമ്പറും എമർജൻസി റെസ്പോൺസ് നമ്പറും തമ്മിൽ ബന്ധിപ്പിച്ച 100 ശതമാനം കേന്ദ്ര സഹായത്തോടെ, വനിത ശിശു വികസന വകുപ്പ് മുഖേന സംസ്ഥാനത്ത് നടപ്പിലാക്കുന്ന പദ്ധതിയായ ചൈൽഡ് ഹെൽപ്പ് ലൈൻ സർവീസസ് ന്റെ സംസ്ഥാന തല കോൾ സെന്റർ വനിത ശിശു വികസന ഡയറക്ടറിനോട് ചേർന്നും ജില്ലാ തലത്തിൽ ജില്ലാ ശിശു സംരക്ഷണ യൂണിറ്റിനോട് ചേർത്ത് പ്രവർത്തിക്കുന്നതിനും സജ്ജമായിട്ടുള്ളതായി വനിത ശിശു വികസന ഡയറക്ടർ പരാമർശം (6) പ്രകാരം അറിയിച്ചിരുന്നു..

2) പരാമർശം (1) പ്രകാരം 2235-02-102-15 Child Help Line (Kerala ) 100% CSS എന്ന ശീർഷകം അനുവദിക്കുകയും പരാമർശം (2) പ്രകാരം കേന്ദ്ര മാർഗ്ഗനിർദേശ പ്രകാരമുള്ള ചൈൽഡ് ഹെൽപ്പ് ലൈൻ സേവനം വനിത ശിശു വികസന വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന സ്റ്റേറ്റ് ചൈൽഡ് പ്രൊട്ടക്ഷൻ സൊസൈറ്റിയുടെ ഭാഗമാക്കിക്കൊണ്ട് സംസ്ഥാനത്ത് നടപ്പിലാക്കുന്നതിനുള്ള ഭരണാനുമതി നൽകുകയും ചെയ്തിരുന്നു. PFMS മുഖേന പദ്ധതി നടപ്പിലാക്കുന്നതിനായി IDBI ബാങ്കിൽ SNA അക്കൗണ്ട് ആരംഭിച്ചിട്ടുണ്ട്. പദ്ധതിയുടെ

ഭാഗമായി WCD കൺട്രോൾ റൂം സജ്ജികരിക്കുന്നതിനായി ഒറ്റ തവണ ഗ്രാൻറ് ആയി പരാമർശം (3) പ്രകാരം 20 ലക്ഷം രൂപയും, പദ്ധതി നടത്തിപ്പിനായി ആദ്യ ഗഡുവായി പരാമർശം (4) പ്രകാരം 2,41,81,500/- അനുവദിക്കുകയും ആയതിൻ പ്രകാരം ആകെ 2,61,81,500/- രൂപയും SNA അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുള്ളതായി വനിത ശിശു വികസന ഡയറക്ടർ പരാമർശം (6) അറിയിച്ചിരുന്നു.

3) പരാമർശം (5) പ്രകാരം 2,51,62,998/- രൂപ അടുത്ത ഗഡുവായി കേന്ദ്ര സർക്കാറിൽ നിന്നും അനുവദിച്ചിട്ടുള്ളതായും പ്രസ്തുത തുക നിശ്ചിത സമയപരിധിക്കുള്ളിൽ SNA അക്കൗണ്ടിൽ നിക്ഷേപിക്കേണ്ടതുണ്ടെന്നും എന്നാൽ നിലവിൽ പദ്ധതിയ്ക്കായി അനുവദിച്ച ശീർഷകത്തിൽ ഫണ്ട് ലഭ്യതയില്ലാത്തതിനാൽ അഡീഷണൽ ഓതറേസെഷൻ മുഖേന 2235-02-102-15 (P) 100 % CSS ശീർഷകത്തിൽ 2,51,62,998/- രൂപ അനുവദിച്ചും ടി തുക ചൈൽഡ് ഹെല്പ് ലൈൻ സർവീസസ് എന്ന പദ്ധതിക്കായി IDBI ബാങ്കിൽ ആരംഭിച്ചിട്ടുള്ള (Scheme code KL341) 0889104000124263 എന്ന അക്കൌണ്ടിൽ (IFSC code. IBKL0000889) നിക്ഷേപിക്കുന്നതിനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കണമെന്ന് വനിത ശിശു വികസന ഡയറക്ടർ പരാമർശം (6) പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

4) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ചൈൽഡ് ഹെൽപ് ലൈൻ സർവീസസ് പദ്ധതിക്കായി 2023-24 സാമ്പത്തിക വർഷത്തേക്കുള്ള അവസാന ഗഡുവായി കേന്ദ്ര സർക്കാരിൽ നിന്നും ലഭിച്ച 2,51,62,998/- രൂപ (രണ്ടു കോടി അന്പത്തിയൊന്നു ലക്ഷത്തി അറുപത്തിരണ്ടായിരത്തി തൊള്ളായിരത്തി തൊണ്ണൂറ്റെട്ടു രൂപ) നടപ്പു സാമ്പത്തിക വർഷത്തെ 2235-02-102-15 (P) ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുകയിൽ നിന്നും പിൻവലിച്ച് ടി തുക ചൈൽഡ് ഹെല്പ് ലൈൻ സർവീസസ് എന്ന പദ്ധതിക്കായി IDBI ബാങ്കിൽ ആരംഭിച്ചിട്ടുള്ള (Scheme code KL341) 0889104000124263 എന്ന അക്കൗണ്ടിൽ (IFSC code. IBKL0000889) നിക്ഷേപിക്കുന്നതിനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സന്തോഷ് കുമാർ.റ്റി.കെ.
അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, വനിതാശിശു വികസന വകുപ്പ്, പൂജപ്പുര, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (ജി & എസ്.എസ്.എ/എ&ഇ), കേരളം, തിരുവനന്തപുരം

ധനകാര്യ വകുപ്പ് **(vide file number WCD-1/147/2023-FIN(2425283))**

വെബ് & ന്യൂ മീഡിയ (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

Signed by
Hena R Raj
Date: 11-04-2024 15:55:46

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ